(ബി) സ്പെഷ്യൽ റൂളിൽ വി.ഇ.ഒ.മാരുടെ ജോലികളെ സംബന്ധിച്ച് പ്രതിബാധിക്കുന്നില്ല.

(സി) ഒന്നിൽ കൂടുതൽ വി. ഇ. ഒ-മാരുള്ള പഞ്ചായത്തുകളെ വാർഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വി. ഇ. ഒ സർക്കിൾ രൂപീകരിച്ചാണ് ജോലികൾ വീതിച്ച് നൽകുന്നത്.

(ഡി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് യാത്രാബത്ത, സ്ഥിരം യാത്രാപ്പടി എന്നിവ ഗ്രാമവികസന വകുപ്പിൽ നിന്നും യഥാസമയം നൽകുന്നുണ്ട്. കുടുംബശ്രീയുടെ ചുമതല അതേൽപ്പിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഉത്തരവാദിത്വത്തിന്റെ ഭാഗമായതിനാൽ അതിന് പ്രത്യേക അലവൻസ് ലഭ്യമാക്കാൻ സാധിക്കുകയില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ നടപടി

178(386) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് ചുമതലയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ ആരൊക്കെയാണ് ;

(ബി) ഓരോ തസ്തികയിലുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ ശമ്പള സ്കെയിൽ എത്രയാണ് ;

(സി) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരെ അപേക്ഷിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമ്മാരുടെ ശമ്പള സ്കെയിലിൽ എത്ര രൂപയുടെ കുന്നാണ് ഉള്ളത് ;

(ഡി) ഓരോ ഗ്രാമപഞ്ചായത്തിലും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശരാശരി എത്ര ലക്ഷം രൂപയാണ് ഓരോ വർഷവും ചെലവഴിക്കുന്നത് ;

(ഇ) പദ്ധതി നിർവ്വഹണം മാത്രമല്ലാതെ മറ്റെന്തൊക്കെ ജോലികളാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ഗ്രാമപഞ്ചായത്തുകളിൽ നിർവ്വഹിക്കുന്നത്;

(എഫ്) ഇത്രയധികം തുക ചെലവഴിക്കുകയും ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ പദവി ഉള്ളതുമായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ശമ്പളസ്കെയിൽ ക്രമാതീതമായി കുറച്ച് ശമ്പളപരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചതിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ജി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമ്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് ചുമതലയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ താഴെപ്പറയുന്നവരാണ്:

1. സെക്രട്ടറി ഗ്രാമപഞ്ചായത്ത്
2. അസിസ്റ്റന്റ് എഞ്ചിനീയർ
3. കൃഷി ആഫീസർ
4. വെറ്ററിനറി സർജൻ
5. മെഡിക്കൽ ആഫീസർ, പ്രാഥമിക ആരോഗ്യ കേന്ദ്രം
6. ഹോമിയോ മെഡിക്കൽ ആഫീസർ
7. ആയുർവ്വേദ മെഡിക്കൽ ആഫീസർ
8. ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് പ്രൈമറി സ്കൂൾ
9. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്
10. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
11. ഐ.സി.ഡി.എസ്. സൂപ്പർവൈസർ
12. ഡയറി എക്സ്റ്റൻഷൻ ഓഫീസർ
13. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ
14. സീനിയർ വെറ്ററിനറി സർജൻ.

(ബി)

1. സെക്രട്ടറി ഗ്രാമപഞ്ചായത്ത്-9190-15510
2. അസിസ്റ്റന്റ് എഞ്ചിനീയർ-11070-18450
3. കൃഷി ആഫീസർ-11070-18450
4. വെറ്ററിനറി സർജൻ-11070-18450
5. മെഡിക്കൽ ആഫീസർ(പ്രാഥമിക ആരോഗ്യ കേന്ദ്രം)-11910-19350
6. ഹോമിയോ മെഡിക്കൽ ആഫീസർ—11070-18450
7. ആയുർവ്വേദ മെഡിക്കൽ ആഫീസർ-12930-20250
8. ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് പ്രൈമറി സ്കൂൾ-9590-16650
9. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്-6680-10790
10. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-5650-8790

LIBRARY ARCHIVES Kerala Legislative Assembly

11. ഐ.സി.ഡി.എസ്. സൂപ്പർവൈസർ-7990-12930

12. ഡയറി എക്സ്റ്റൻഷൻ ഓഫീസർ-11070-18450

13. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ-9190-15510

14. സീനിയർ വെറ്ററിനറി സർജൻ.-12250-19800

(സി) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുമായി താരതമ്യം ചെയ്യുമ്പോൾ വി.ഇ.ഒ-മാരുടെ ശമ്പള സ്കെയിൽ കുറവാണ്. എന്നാൽ മറ്റ് തസ്തികകളുടെ യോഗ്യതയും, ചുമതലകളും തികച്ചും വ്യത്യസ്തമാണ്.

(ഡി) ഓരോ ഗ്രാമപഞ്ചായത്തിലും പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിഗത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്ന പ്രോജക്ടുകൾ ആണ് പ്രധാനമായും വി.ഇ.ഒ. മാർ നിർവ്വഹിക്കുന്നത്. പല ഗ്രാമപഞ്ചായത്തിലും പ്രസ്തുത പദ്ധതികൾക്കായി മാറ്റിവച്ചിരിക്കുന്ന തുകകൾക്ക് ഏകീകൃത സ്വഭാവമില്ലാത്തതുകൊണ്ട് കൃത്യമായ തുക പറയുവാൻ സാദ്ധ്യമല്ല.

(ഇ) ചില ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീ സി.ഡി.എസ്-ന്റെ ചാർജ്ജ് ആഫീസറായി വി.ഇ.ഒ.-മാർ പ്രവർത്തിച്ചു വരുന്നു.

(എഫ്&ജി) ലഭിച്ചിട്ടുണ്ട്. ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ടിന്മേൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ നടത്തിയ പരിശീലന പരിപാടികൾ

179(387) ശ്രീ. എ. എം. യൂസഫ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ഈ വർഷം നടത്തിയ പരിശീലന പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പരിശീലന പരിപാടിയിൽ ഈ വർഷം എത്രപേർ പങ്കെടുത്തു എന്ന് വ്യക്തമാക്കുമോ ;

(സി) തദ്ദേശ സ്ഥാപനങ്ങളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി എന്തെല്ലാം പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പരിശീലന പരിപാടികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ ;

(ഇ) തദ്ദേശ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന വിവിധ പദ്ധതികളെക്കുറിച്ചും അവയുടെ നിർവഹണത്തിൽ അവലംബിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ചും കൈപുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly